സംബന്ധിച്ച് കേരളാ നിയമസഭയിൽ ചർച്ച ചെയ്യപ്പെട്ട അടിയന്തിരപ്രമേയത്തിൻമേൽ സഭാതലത്തിൽ മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് നൽകുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ) ഈഴവ, തിയ്യ സമുദായങ്ങളിൽപ്പെട്ടവർ തണ്ടാൻ സമുദായത്തിൽ പെട്ടവരാണെന്ന് സർട്ടിഫിക്കറുകൾ നൽകുന്നതിനെതിരായി ഗവൺമെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) 22–7–'78 ലും 17–8–'78 ലും 44995/സി4/78/ഡിഡി നമ്പരായി അയച്ച ടെലിപ്രിന്ററർ സന്ദേശങ്ങളുടെയും 7-9-'78 ൽ 20193/സി2/78/ഡിഡി നമ്പരായി അയച്ച ഗവൺമെന്റ് കത്തിന്റെയും പകർപ്പുകൾ മേശപ്പുറത്ത് വെച്ചിട്ടുണ്ട്.*

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II അടിയന്തിരപ്രമേയം

ആർ. എസ്. എസ്സ്. പ്രവർത്തകരുടെ അതിക്രമങ്ങളെ സംബന്ധിച്ച്

മി. സ്പീക്കർ: പെരുമ്പാവൂർ ബസ് സ്റ്റാൻഡിൽവെച്ച് കുഞ്ഞാലി എന്ന ഒരാളെ ഒരു സംഘം ആളുകൾ ചേർന്ന് വെട്ടിയും കുത്തിയും കൊലപ്പെടുത്തിയ സംഭവത്തെ തുടർന്ന് അവിടെ നിലവിലിരിക്കുന്ന സംഘർഷാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിറുത്തി വെക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ. ടി. എച്ച്. മുസ്തഫാ നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടി പറയാം.

9.30 A.M.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1979 മാർച്ച് 2–ാം. തീയതി രാത്രി 10.15 മണിയോടുകൂടി പെരുമ്പാവൂരിലുള്ള ഒരു വിദേശ മദ്യ ഷാപ്പിനു മുൻവശം വെച്ച് ഈ നോട്ടീസിൽ പറയുന്ന കുഞ്ഞാലി എന്ന ഒരാളെ അഞ്ചു പേർ ചേർന്ന് ആക്രമിക്കുകയും അതിന്റെ ഫലമായി കുഞ്ഞാലി മരണമടയുകയും ചെയ്തു. ശ്രീധരൻ, ഗോപി, നാണു, പ്രഭാകരൻ, ശശി എന്നിവരാണ് പ്രതിക്കൾ. ഈ പ്രതികളെല്ലാവരും പരസ്പരം ബന്ധുക്കളാണ്. മരിച്ച കുഞ്ഞാലിയുടെ സ്നേഹിതൻമാരായ ആലിയാർ, മൊയ്തീൻ, പരീക്കുട്ടി എന്നിവർ രണ്ടാം പ്രതിയായ ഗോപിയെ നാലു ദിവസം മുമ്പ് വിദേശ മദ്യഷാപ്പിൽ വച്ച് അടിച്ചു എന്നതാണ് ഇതിനു മോട്ടീവായി പറയുന്നത്. അതിനേ തുടർന്നാണ് ഈ സംഭവം നടക്കുന്നത്. സംഭവ ദിവസം കുഞ്ഞാലി മദ്യഷാപ്പിൽനിന്നു പുറത്തേക്കു വരുമ്പോൾ ഒന്നാം പ്രതിയായ ശ്രീധരനുമായി മേൽ പറഞ്ഞ കാരണത്തെ പറ്റി ചോദിച്ചു വാക്കു തർക്കമുണ്ടായി. അതിനേ തുടർന്ന് അഞ്ചു പ്രതികളുംകൂടി കുഞ്ഞാലിയെ ആക്രമിച്ചു. കുത്തേറ്റ കുഞ്ഞാലി ആ സ്പോട്ടിൽ വെച്ചു തന്നെ മരണമടഞ്ഞു. ഇതു സംബന്ധിച്ചു രാത്രി

* ലൈബ്രറിയുടെ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

11.15 മണിക്കു തന്നെ പെരുമ്പാവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. 1979/74—143, 147, 148, 149, 302 എന്നീവകുറ്റപ്പുകളനുസരിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആലുവാ ഡിസ്ട്രിക്ട് ക്രൈം ഡിറ്റെക്ഷൻ ആണ് കേസന്വേഷണം ഏറ്റെടുത്തിട്ടുള്ളത്. പ്രതികളെല്ലാം ഒളിവിലാണ്. ഇവരെ പിടിക്കുന്നതിനുവേണ്ടി ശക്തമായ തിരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കേസന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്. ഇതിന്റെ പിന്നിൽ രാഷ്ട്രീയം ഉള്ളതായി ഗവൺമെന്റിനറിവില്ല. ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്നത് പ്രതികളെല്ലാവരും ആർ. എസ്. എസ്.-കാരാണെന്നാണ്. മരിച്ച കുഞ്ഞാലി കോൺഗ്രസ് (ഐ) വിഭാഗത്തിൽ പെട്ടതാണ്. ഈ സംഭവത്തിന്റെ പിന്നിൽ രാഷ്ട്രീയമോ സാമുദായികമോ ആയ യാതൊരു കാരണവുമില്ല. മദ്യഷാപ്പിനു മുൻവശം വെച്ച് മദ്യപാനത്തിനുശേഷം ഒരു പൂർവ്വ വിരോധത്തിന്റെ അടിസ്ഥാനത്തിൽ പെട്ടെന്നു വാക്കു തർക്കമുണ്ടായി മനഃപൂർവ്വം കുത്തിക്കൊലപ്പെടുത്തിയതാണ് സംഭവം. അതിൽ ഗവൺമെന്റിനു വളരെ ദുഃഖമുണ്ട്. എന്തായാലും പോലീസ് ഡിപ്പാർട്ടുമെന്റ് ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും യാതൊരു സംഘർഷാവസ്ഥയും അവിടെ നിലവിലില്ല. അതുകൊണ്ട് ഇതൊരു അടിയന്തിര പ്രമേയ ചർച്ചക്കു വഴി തെളിക്കുന്നില്ലെന്നു ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. ടി. എച്ച്, മുസ്തഫ: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണം പൂർണ്ണമായി ശരിയല്ല എന്നു പറയേണ്ടി വന്നതിൽ എനിക്കു ഖേദമുണ്ട്. ഈ കേസിലെ പ്രതികളും മരിച്ച കുഞ്ഞാലിയുമായി യാതൊരു വിധ വാക്കു തർക്കവും ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. അവരുമായി ഒരു പൂർവ്വ വിരോധവും ഉണ്ടായതായി എനിക്കോ നാട്ടുകാർക്കോ അറിവില്ല. ഞാൻ ആ പ്രദേശത്തുകാരനാണ്. അവിടെ താമസിക്കുന്ന ആളാണ്. കുഞ്ഞാലി മദ്യഷാപ്പിൽ നിന്നാണ് വന്നത് എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവു തെറ്റാണ്. പെരുമ്പാവൂർ പ്രൈവറ്റ് ബസ് സ്റ്റാൻറിന്റെ മുൻവശം ഒരുമദ്യഷാപ്പുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ കുഞ്ഞാലിയെ കുത്തിയതും മരിച്ചതും പ്രൈവറ്റ് ബസ് സ്റ്റാൻറിനടുത്തുള്ള ഒരു ടാക്സി സ്റ്റാൻറിൽ വെച്ചാണ്. മദ്യഷാപ്പ് റോഡിന്റെ തെക്കു വശത്താണ് സ്ഥിതി ചെയ്യുന്നത്. വടക്കു വശത്തു സ്ഥിതിചെയ്യുന്ന മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ താഴെയുള്ള ചെരിവിൽ വെച്ചാണ് ഈ സംഭവം നടന്നിട്ടുള്ളത്. അത് ഇത്തരത്തിൽ ചിത്രീകരിച്ചതു തെറ്റാണ്. അതിൽ ഖേദമുണ്ട്. തൊട്ടടുത്ത കാലടിയിൽ നടന്ന സംഭവം ബഹുമാനപ്പെട്ട മന്ത്രിയുടെ ഓർമ്മയിലുണ്ടായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവിടെ ഇപ്പോഴും നിരോധനാജ്ഞ നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനങ്ങളിലെ പല സ്ഥലങ്ങളിലും ഇതു നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ സംഭവത്തെ യഥാർത്ഥ്യത്തിൽ നിന്നു മാറ്റി കൊണ്ടു പോകാൻ ശ്രമം നടത്തുന്നതു ഖേദകരമാണെന്നു ഞാൻ ഓർമ്മിപ്പിക്കുന്നു. സർ, ആർ. എസ്സ്. എസ്.-കാർ സംഘടിതമായി ആക്രമണം അഴിച്ചു വിട്ടിരിക്കുകയാണ്. കഴിഞ്ഞ 25-ാം തീയതി പെരുമ്പാവൂരിൽ ആർ. എസ്. എസ്.-കാരുടെ റൂട്ട് മാർച്ച് ഉണ്ടായിരുന്നു. അതിനു ശേഷം ഉണ്ടായ സംഭവത്തെ തുടർന്നാണ് ഈ കൊലപാതകം നടന്നിട്ടുള്ളത് എന്നു ഞാൻ ഉത്തരവാദിത്വത്തോടുകൂടി അറിയിക്കുകയാണ്. സർ, ഭീതിജനകമായ ഒരന്തരീക്ഷമാണ് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ആർ. എസ്. എസ്.-ന്റെ റൂട്ടു മാർച്ചു നടത്തുകയും ആക്രമണം നടത്തുകയും ചെയ്തിട്ട് ഈ ഗവൺമെന്റിനു യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആർ. എസ്. എസ്.-കാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതു വരെ സ്കൂളുകൾ അനുവദിക്കുകയില്ലെന്നു പറഞ്ഞു. സ്കൂളുകൾ അനുവദിക്കുകയും അവർ അതുപയോഗപ്പെടുത്തുകയും ചെയ്തത് ഈ സംസ്ഥാനത്തെ ജനങ്ങൾക്കറിയാം. ഒഴിഞ്ഞ മൈതാനങ്ങളിലും വീടുകളുടെ മുറ്റത്തും ആണ് ഇവർ പരിശീലനം നടത്തുന്നത്. ആയുധ പരിശീലനമാണെങ്കിൽ രാജ്യത്തെമ്പാടും നടക്കുകയാണ്. അടിയന്തിരാവസ്ഥക്കു മുമ്പ് 1200 കേന്ദ്രങ്ങളിൽ ഇവരുടെ പരിശീലനം നടക്കുന്നു എന്നു പറഞ്ഞപ്പോൾ അന്നത്തെ ആഭ്യന്തരമന്ത്രി നിഷേധിച്ചു. ഇപ്പോൾ 1350 കേന്ദ്രങ്ങളിൽ ഞങ്ങൾ പരിശീലനം നടത്തുന്നു എന്ന് ആർ. എസ്. എസ്.-ന്റെ നേതാവ് കൊല്ലത്തു വച്ച് പരസ്യമായി ഒരു പത്രസമ്മേളനത്തിൽവെച്ച് സമ്മതിച്ചിരിക്കുന്നു. ആയുധമേന്തിയ ആളുകൾ അക്രമം അഴിച്ചുവിടുന്നതിനുവേണ്ടി സംഘടിതമായ ശ്രമം നടത്തുന്നതിന്റെ ഉദാഹരണമാണ് കുഞ്ഞാലിയുടെ കൊലപാതകം. സർ, വളരെക്കാലമായി രാഷ്ട്രീയ രംഗത്തു പ്രവർത്തിച്ചു വരുന്ന ഒരാളാണ് കുഞ്ഞാലി. വളരെ നല്ല പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ രാഷ്ട്രീയവിരോധം വെച്ചുകൊണ്ടാണ് കൊലപ്പെടുത്തിയിട്ടുള്ളത്: കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മരിച്ചിടത്തൊക്കെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാലടിയിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നില്ല, ആരെയും കണ്ടുപിടിക്കുന്നില്ല, ആരെയും അറസ്റ്റു ചെയ്യുന്നില്ല, ആരെയും കസ്റ്റഡിയിലെടുക്കുന്നുമില്ല. കേസ് രജിസ്റ്റർ ചെയ്തുഎന്നുള്ളതുകൊണ്ടു മാത്രം ആക്രമണത്തെ തടയാൻ സാധിക്കുകയില്ല. ഇത്തരം അക്രമ പ്രവർത്തനങ്ങൾ ഇനിയൊരിക്കലും ഉണ്ടാകാത്തവിധത്തിൽ തടഞ്ഞുനിറുത്തുന്നതിന് കക്ഷിഭേദമെന്യേ എല്ലാവരും പ്രവർത്തിക്കണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. എം. മാണി: ഗവൺമെന്റിന് ഇതിന്റെ സത്യം മറച്ചുവച്ചിട്ടു യാതൊരു കാര്യവുമില്ല. ഗവൺമെന്റിനു കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള വസ്തുതകളാണ് പറഞ്ഞത്. മരിച്ച കുഞ്ഞാലി സംഭവ ദിവസത്തിനുമുമ്പ് എന്തെങ്കിലും വഴക്കുണ്ടാക്കിയതായോ വാക്കുതർക്കമുണ്ടാക്കിയതായോ ഞാൻ പറഞ്ഞില്ല. നാലു ദിവസം മുമ്പ് കുഞ്ഞാലിയുടെ കൂട്ടുകാർ ഈ പ്രതിയെ അടിച്ചു എന്നു പറഞ്ഞു. ആ സംഭവത്തെ തുടർന്ന് ഈ കേസ്സിലെ പ്രതികൾ യാതൊരു കാരണവും കൂടാതെ കുഞ്ഞാലിയെ ആക്രമിക്കുകയായിരുന്നു. വാസ്തവത്തിൽ കുഞ്ഞാലി നിരപരാധിയാണ്. അതാണ് എന്റെയും അഭിപ്രായം. കോൺഗ്രസ് (ഐ) പ്രവർത്തകനായ കുഞ്ഞാലിയുടെ മരണത്തിൽ ബഹുമാനപ്പെട്ട മെമ്പർക്കുള്ളതുപോലെ തന്നെ വേദന ഗവൺമെന്റിനും ഉണ്ട്. തീർച്ചയായിട്ടും ഈ കേസ്സിൻമേൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly